അരിയുടെ വില കൂട്ടി വച്ചിരിക്കുന്നതു നിമിത്തം തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവണ്മെൻറ വഹിക്കേണ്ടതാണെന്നു് നിവേദനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ ഫലം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. അതിൻറെ ഫലമായി കേന്ദ്ര ഗവണ്മെൻറു് നൽകുന്ന സഹായധനം ൧൯൫൦ ലക്ഷം രൂപായിൽനിന്നു ആദ്യം ൨൫൦ ലക്ഷം രൂപായായും, പിന്നീടു ൨൭൫ ലക്ഷം രൂപായായും വർദ്ധിപ്പിച്ചിട്ടുണ്ടു്.

## ഭക്ഷ്യധാന്യവർദ്ധനവിനു് ഗ്രാൻറു്

*൨൭൨. (൯൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യവർദ്ധനവിനു് സെൻട്രൽ ഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ–കൊച്ചി ഗവർണ്മെൻറിനു് ൧൯൫൦–൫൧ ആം വർഷം രൂപാ ഗ്രാൻറു് തരാമെന്നു് സമ്മതിച്ചിട്ടുണ്ടെന്നു പറയാമോ;

(ബി) അതിൽ എത്ര രൂപാ കിട്ടിയിട്ടുണ്ടു്; കിട്ടിയ സംഖ്യയിൽ എത്ര ചെലവാക്കി; എവിടെയെല്ലാം;

(സി) ഭക്ഷ്യധാന്യ വർദ്ധനവിനു് ഗ്രാൻറായി തരാമെന്നു് സമ്മതിച്ചിട്ടുള്ള സംഖ്യ പോരായെന്നും അതിൻറെ ഇരട്ടിയെങ്കിലും തരണമെന്നും സെൻട്രൽ ഗവണ്മെൻറിനെ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറു് അറിയിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

(എ) കലണ്ടർ വർഷം അനുസരിച്ചല്ല ഗ്രാൻറനുവദിച്ചിട്ടുള്ളതു്. ൧൯൫൦—൫൧, ൧൯൫൧—൫൨ ഈ സാമ്പത്തിക വർഷങ്ങളിലേയ്ക്കു് യഥാക്രമം ൨൫,൭൫,൭൫൦ രൂപയും ൧൫൭,൫൭൫ രൂപയും അനുവദിച്ചിട്ടുണ്ടു്.

(ബി) ഒന്നും കിട്ടിയിട്ടില്ല. ൧൯൫൦—൫൧-ൽ ചെയ്തിട്ടുള്ള ജോലികളുടേയും ചെലവിൻറേയും ഒരു ലിസ്റ്റു് അനുബന്ധിച്ചിരിക്കുന്നു. *

(സി) അനുവദിച്ചിട്ടുള്ള തുകകൾ പോരെന്നും കൂടുതൽ കിട്ടണമെന്നും നിവേദനം നടത്തിയിട്ടുണ്ടു്.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: എന്തടിസ്ഥാനത്തിലാണു് ഇന്ത്യാഗവണ്മെൻറു് നമുക്കു് തരുന്നതു്?

ശ്രീ. കെ. എം. കോര: അൻപതു ശതമാനം ബേസിസിൽ.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: ൧൯൫൦—൫൧-നെക്കാൾ കുറവല്ലെ ൧൯൫൧—൫൨-ൽ?

ശ്രീ. കെ. എം. കോര: ടെൻറേറ്റീവായിട്ടു് അനുവദിച്ചിട്ടുള്ള ഒരു സംഖ്യയാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇപ്പോൾ ഏതെല്ലാം ജോലികളാണു് കംപ്ലീറ്റു ചെയ്തു കഴിഞ്ഞിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: ലിസ്റ്റനുസരിച്ചുള്ള ജോലികളിൽ ഏതെല്ലാമാണു് കംപ്ലീറ്റു ചെയ്തിട്ടുള്ളതെന്നു പറയണമെങ്കിൽ നോട്ടീസു് വേണം.

* Please See Appendix II. Page 387

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഫൻ ഭ ഫ — ഫൻ ഭ ഫ നേക്കാൾ കൂടുതൽ ഫൻ ഭ ഠ — ഭ ഫ ൽ ചിലവുചെയ്തിട്ടുണ്ടോ?

**Mr. Speaker:** Order, Order. Question time is over.

**12 Noon.]** **Written Answers.**

## ലവിസിസ്റ്റം

*ഫ ഫ ന. (നൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലവിസിസ്റ്റം അനുസരിച്ച് കഴിഞ്ഞ വിളവെടുപ്പിൽ എത്ര പറ നെല്ല് ഗവണ്മെൻറ് എടുത്തിട്ടുണ്ട്;

(ബി) മുൻ സിസ്റ്റത്തെക്കാൾ ലവിസിസ്റ്റം വിജയപ്രദമാണോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഒര്, ന്യ ഠ ൻ ഠ ൻ പറ.

(ബി) വിജയപ്രദമാണ്.

## STRIKE IN THE TRANSPORT DEPARTMENT

*214. [41] **Sri. Philipose Muthalaly:** Will the hon. Minister for Transport be pleased to state.—

(*a*) whether any strike local or general took place in the Transport Department during the 2nd week of August 1951;

(*b*) if so, the number of working hours lost thereby;

(*c*) the approximate loss incurred by Government therefrom;

(*d*) the reasons for the strike;

(*e*) the number of booked tickets refunded?

*Chief Minister* **(Sri. C. Kesavan):**

(*a*) Yes, it was a general strike.

(*b*) Approximately 16.

(*c*) About Rs. 7,000.

(*d*) The attention of the hon. Member is invited to the Press Note published on 18th August 1951.

(*e*) 80.

## ശ്മശാനം

*ഫ ഫ ഭ. (ര ഫ) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ യുറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽ വള്ളികുളം എന്ന സ്ഥലത്തു പിന്നോക്ക സമുദായക്കാർക്ക് ഒരു ശ്മശാനത്തിനു ഫ ഭ സെൻറ് സ്ഥലം പൊന്നംവിലകൊടുത്തു തരുവിക്കുന്നതിനായി ഒരു അപേക്ഷ പിന്നോക്കസമുദായാംഗങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ തൽസംബന്ധമായ നടപടി എപ്രകാരമിരിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള സ്ഥലം പൊന്നംവിലകൊടുക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The Assistant Secretaries to Government.
" Private Secretaries to the Hon'ble Chief Minister and other Hon'ble Ministers.
" Departments of the Secretariat.
" Finance Department.
" Secretary to His Highness the Rajpramukh (with C. L.).

## APPENDIX II

(See Answer to part (b) of question No. 212 (36))

| | *Name of scheme* | *Expenditure in 1950—1951* Rs. | A. | P. |
|---|---|---|---|---|
| 1. | Reclamation of Grass lands | 1,24,838 | 10 | 3 |
| 2. | Well sinking in South Travancore | 20,023 | 13 | 8 |
| 3. | Minor Irrigation | 24,84,039 | 15 | 7 |
| 4. | Lift Irrigation | 8,15,820 | 11 | 0 |
| 5. | Muvattupuzha River Diversion | 5,09,152 | 9 | 11 |
| 6. | Reclamation of Kari lands | 18,640 | 15 | 2 |
| 7. | Kuzhikad Dam | .. | | |
| 8. | Kole Water storage | 80,460 | 0 | 5 |
| 9. | Construction of earthern dam at Mayannore | .. | | |
| 10. | Kamplathara Eri | 43,927 | 5 | 0 |
| 11. | Wadakkancheri River Diversion | 4,96,595 | 0 | 3 |
| 12. | Thickanamcode Channel | 15,847 | 4 | 11 |
| 13. | Grant of Agricultural and other loans | .. | | |
| 14. | Fertilisers and manure | 9,26,879 | 7 | 5 |
| 15. | Puncha dewatering | 1,25,960 | 5 | 0 |
| 16. | Distrubtion ofAgricultural implements | 20,038 | 3 | 9 |
| 17. | Award of prizes | .. | | |
| 18. | Publicity and propaganda | 19,540 | 10 | 4 |
| 19. | Green manuring with Danicha | .. | | |
| 20. | Expansion of Compost Manure | .. | | |
| 21. | Seed multiplication and distribution | 4,190 | 2 | 2 |
| 22. | Staff required for intensive manuring | 4,000 | 11 | 8 |
| 23. | Staff required for compost development scheme | 3,400 | 2 | 2 |
| 24. | Staff required for seed multiplication and distribution | 3,400 | 2 | 2 |
| 25. | Staff required for Reclamation of Grass lands | .. | | |
| 26. | Staff required for Satistical Work | 9,366 | 3 | 10 |
| 27. | Staff required for Lift Irrigation | 31,357 | 9 | 8 |
| | Total | 53,04,079 | 14 | 6 |

LIBRARY ARCHIVES Kerala Legislative Assembly